**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2310

08.12.2015-ലെ മറുപടിയ്ക്ക്

## മൊബൈൽ ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജു | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര മൊബൈൽ ത്രീവേണി സ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നത് ; ഇപ്പോൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട് ; | (എ) കൺസ്യൂമർഫെഡിന്റെ കീഴിൽ 142 മൊബൈൽ ത്രിവേണി സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ 73 മൊബൈൽ ത്രിവേണി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) പ്രസ്തുത സംവിധനം തകർന്നടിയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്; | (ബി) കൺസ്യൂമർഫെഡിന് കഴിഞ്ഞ കാലങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യംമൂലം മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ യഥാസമയം എത്തിക്കുവാൻ കഴിയാതിരുന്നതും മൊബൈൽ ത്രിവേണി സ്റ്റോർ നടത്തുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ കഴിയാത്തതും മൊബൈൽ ത്രിവേണികളുടെ സുഗമമായ പ്രവർത്തന പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (സി) പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പ്രസ്തുത സ്റ്റോറുകളിലൂടെ സാധനങ്ങൾ വിറ്റഴിച്ചിരുന്നത് ; | (സി) നന്മ പദ്ധതി നടപ്പിലാക്കിയിരുന്ന കാലയളവിൽ 10 ഇനം അവശ്യനിത്യോപയോഗ സാധനങ്ങൾ മൊബൈൽ ത്രിവേണികളിലൂടെ പൊതുവിപണിയിൽ നിന്നും 10% മുതൽ 20% വരെ വിലക്കുറച്ച് വിൽപ്പന നടത്തിവന്നിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനം പുനരാരംഭിയ്ക്കുവാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്.<br>പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനം ഒരു ജില്ലയിലും സ്ഥിരമായോ പൂർണ്ണമായോ നിർത്തലാക്കിയിട്ടില്ല. ഇപ്പോൾ പ്രവർത്തന നിരതമായിരിക്കുന്ന 73 മൊബൈൽ ത്രിവേണി യൂണിറ്റുകളും സജീവമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ എല്ലാ നിയോജക മണ്ഡലങ്ങളിലും സജ്ജമാക്കിയിരുന്ന ബാക്കിയുള്ള 69 യൂണിറ്റുകളുടെ പ്രവർത്തനം ടെസ്റ്റ് വർക്കിനു വേണ്ടിയുള്ള അറ്റകുറ്റപ്പണികളും ഫണ്ടിന്റെ അഭാവം മൂലമുള്ള സാധനങ്ങളുടെ ദൗർലഭ്യവും മൂലമാണ് തടസ്സപ്പെട്ടിരിക്കുന്നത്. ഇവയിൽ 13 മൊബൈൽ ത്രിവേണികളുടെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കൺസ്യൂമർഫെഡ് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ പരമാവധി യൂണിറ്റുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് ത്വരിതഗതിയിൽ നടപടി സ്വീകരിച്ചു വരുന്നു.<br>ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് കൺസ്യൂമർഫെഡിന്റെ വിവിധ ഡിവിഷനുകളുടെ വിൽപ്പന മാർജിൻ ഉപയോഗിച്ചും സർക്കാർ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വായ്പകൾ ലഭ്യമാക്കിയും പരമാവധി സ്റ്റോക്ക് യൂണിറ്റുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ